ദേശാഭിമാനി

05 July 2017

# മത്സ്യമേഖലാ സബ്സിഡികൾക്കെതിരെ നിതി ആയോഗ് ഉപദേശകൻ



► സിഎംഎഫ്ആർഐയിൽ നടക്കുന്ന ദേശീയ ശിൽപ്പശാലയിൽ നിതി ആയോഗ് ഉപദേശകൻ ഡോ അശോക് ജെയിൻ സംസാരിക്കുന്നു

**കൊച്ചി** > മത്സ്യമേഖലയിൽ നൽകുന്ന സബ്സിഡികൾ ഫലപ്രദമാണോ എന്നത് പഠനവിധേയമാക്കണമെന്ന് നിതി ആയോഗ് ഉപദേശകൻ ഡോ. അശോക് ജെയിൻ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ആരംഭിച്ച ദേശീയ ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സബ്സിഡികൾ നൽകുന്നത് അനധികൃത മത്സ്യബന്ധനരീതികൾ വർധിക്കാൻ കാരണമായിട്ടുണ്ടോയെന്ന് പരിശോധിക്കണം. അങ്ങനെയെങ്കിൽ അവ നിർത്തലാക്കണം. മത്സ്യമേഖലയ്ക്ക് ഗുണകരമാണെങ്കിൽ അവ നിലനിർത്തുകയും വേണമെന്ന് അദ്ദേഹം പറഞ്ഞു.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഗവേഷണസ്ഥാപനങ്ങൾ വികസിപ്പിച്ച സാങ്കേതികവിദ്യകൾ നടപ്പാക്കുന്നതിൽ മിക്ക സംസ്ഥാനങ്ങളും ജാഗ്രത കാണിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് എല്ലാ സംസ്ഥാനങ്ങൾക്കും നിതി ആയോഗ് നിർദേശങ്ങൾ അയക്കും. കടൽ സമ്പത്ത് ഉപയോഗിച്ച് 'ബ്ലൂ ഇക്കോണമി' വികസിപ്പിക്കുന്നതിന് സുസ്ഥിരപരിപാലനം അനിവാര്യമാണ്. കടൽ ടൂറിസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

കടൽസമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതിന് ദേശീയതലത്തിൽ കർമപദ്ധതി രൂപപ്പെടുത്താനാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. കേന്ദ്രമന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥർ, സമുദ്രശാസ്ത്രജ്ഞർ, പരിസ്ഥിതി വിദഗ്ധർ, വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ്, വനം, പരിസ്ഥിതി, തീരദേശ പരിപാലനം, വ്യവസായം, സമുദ്രവികസനം തുടങ്ങിയ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരാണ് പങ്കെടുക്കുന്നത്.

സുസ്ഥിരവികസനം ഉറപ്പുവരുത്തുമ്പോൾ മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങളും സംരക്ഷിക്കണമെന്നും അമിതവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികൾ തടയാൻ നിയമം കർക്കശമാക്കണമെന്നും ശിൽപ്പശാലയിൽ നിർദേശമുയർന്നു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്-ഇന്ത്യ പ്രോഗ്രാം ഡയറക്ടർ സേജൽ വോറ, സിഫ്റ്റ് ഡയറക്ടർ ഡോ. സി എൻ രവിശങ്കർ, ഡോ. പ്രവീൺ പുത്ര തുടങ്ങിയവർ സംസാരിച്ചു. നിതി ആയോഗ്, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് എന്നിവയുമായി സഹകരിച്ച് സിഎംഎഫ്ആർഐ സംഘടിപ്പിക്കുന്ന ശിൽപ്പശാല ബുധനാഴ്ച സമാപിക്കും.